LIBRARY ARCHIVES Kerala Legislative Assembly

മൂവാറ്റുപുഴ-കാക്കനാട് റോഡിന് ഭരണാനുമതി

201 (1929) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ (നാലുവരിപ്പാത) സ്ഥലമെടുപ്പിനും നിർമ്മാണത്തിനും ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ നിർമ്മാണത്തിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര മണ്ഡലത്തിന് ലഭിച്ച റോഡ് പ്രവൃത്തികൾ

202 (1930) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ. :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഏതെല്ലാം റോഡ് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും എത്ര തുക ചെലവഴിച്ചുവെന്നും പേരുസഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കണ്ണോത്ത്-പുല്ല റോഡിന്റെ നിർമ്മാണം

203 (1931) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കണ്ണോത്ത്-പുല്ല റോഡിന്റെ (മണലൂർ-തൃശ്ശൂർ ലിങ്ക് റോഡ്) നിർമ്മാണം ഏത് പദ്ധതിയിൽപ്പെടുത്തിയാണ് ആരംഭിച്ചത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര വർഷംകൊണ്ട് പണി പൂർത്തിയാക്കാമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത് ;

(സി) എത്ര ശതമാനം നിർമ്മാണപ്രവർത്തനമാണ് പൂർത്തിയായത് ; എത്ര തുക കരാറുകാരൻ കൈപ്പറ്റി ;

(ഡി) എന്നു മുതൽക്കാണ് നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടതെന്നും, എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) കരാറുകാരന്റെ വീഴ്ചകൊണ്ടാണെങ്കിൽ അയാൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ;

(എഫ്) റോഡുനിർമ്മാണം പുനരാരംഭിക്കാൻ എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) നബാർഡ് RIDF VIII പദ്ധതിയിൽ

(ബി) 2 വർഷം കൊണ്ട്.

(സി) ഏകദേശം 55% പ്രവൃത്തികൾ പൂർത്തീകരിച്ചു. 3,17,68,198 രൂപ

(ഡി) മേയ് 2007 മുതൽ പ്രവൃത്തി തടസ്സപ്പെട്ടു. വയലുകൾക്കു നടുവിലൂടെയുള്ള റോഡു നിർമ്മാണത്തിന് കാലവർഷംമൂലം വർഷത്തിൽ 6 മാസം മാത്രം ലഭിക്കാവുന്ന അവസ്ഥ, ഇറിഗേഷൻ വകുപ്പിൽനിന്നും സ്ഥലം കൈമാറിക്കിട്ടാത്ത സാഹചര്യം, കർഷകരുടെ എതിർപ്പ്, കരാറുകാരന്റെ ബിൽത്തുക യഥാസമയം കൊടുത്തു തീർക്കുവാനുള്ള കാലതാമസം എന്നിവ പ്രവൃത്തി തടസ്സപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

(ഇ) കരാറുകാരന്റെ വീഴ്ച കൊണ്ടല്ലാത്തതിനാൽ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയാണ് പ്രവൃത്തി അവസാനിപ്പിച്ചത്. ആയതിനാൽ കരാറുകാരന്റെ പേരിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(എഫ്) പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് 10 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കച്ചേരിപ്പടി-പഷ്ണിത്തോട് ഓൾഡ് എൻ.എച്ച്. വീതികൂട്ടുന്നതിന് നടപടി

204 (1932) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി കച്ചേരിപ്പടി-പഷ്ണിത്തോട് ഓൾഡ് എൻ.എച്ച്. വീതികൂട്ടുന്നതിനാവശ്യമായ സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly